LIBRARY ARCHIVES Kerala Legislative Assembly

പകർച്ചപ്പനിക്കുള്ള മരുന്നുകൾ

22 (8082) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പകർച്ചപ്പനി ബാധിച്ച് സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട 20 ടൈപ്പ് മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചതിനു കാരണം വ്യക്തമാക്കുമോ ;

(ബി) ഇതു പാവപ്പെട്ട രോഗികളെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) രോഗികളുടെ ജീവൻ അപകടത്തിലാകുന്ന പ്രവൃത്തിയിൽനിന്ന് സർക്കാർ പിന്തിരിയുമോ ?

ഉത്തരം

(എ-സി) -പകർച്ചപ്പനി ബാധിച്ച് സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടില്ല. രോഗിയുടെ അവസ്ഥയനുസരിച്ച് ഏത് മരുന്നാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത് ചികിത്സിക്കുന്ന ഡോക്ടർ ആണ്. പകർച്ചപ്പനി തടയുന്നതിന് എല്ലാ ആശുപത്രികളിലും നിർബന്ധമായും സൂക്ഷിക്കേണ്ട മരുന്നുകളുടെ ലിസ്റ്റ് മാത്രമാണ് വകുപ്പ് നൽകിയിട്ടുള്ളത്.

പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് നടപടികൾ

23 (8083) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലുള്ള പ്രമേഹരോഗികളുടെ ശരിയായ കണക്ക് ലഭ്യമാണോ ;

(ബി) പ്രമേഹരോഗികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമേഹരോഗികൾക്കുള്ള മരുന്ന് സൗജന്യമായി നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ ;

(ഡി) പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് അവബോധം അത്യന്താപേക്ഷിത മായിരിക്കെ ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചി ക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രമേഹരോഗികളെ സംബന്ധിച്ച വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച സാമ്പിൾ സർവ്വേ കണക്കുകൾ മാത്രമേ ഇന്ന് ലഭ്യമുള്ളൂ. ഇത് ഒരു നിശ്ചിത ജനസംഖ്യയിൽ നടത്തപ്പെട്ട സർവ്വേയുടെ വെളിച്ചത്തിൽ പ്രതിപാദിക്കപ്പെടുന്നതും ഒരു സ്ഥിതിവിവര കണക്കായി അംഗീകരിക്കപ്പെട്ടിട്ടി ല്ലാത്തതുമാണ്. സംസ്ഥാന ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി 30 വയസ്സിന് മുകളിൽ പ്രായമായവർക്ക് നടത്തിയ സ്ക്രീനിംഗിൽ ഒരു കോടിയിൽപ്പരം ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാവുകയും ഇതിൽ കാണപ്പെട്ട പുതിയ പ്രമേഹരോഗികളുടേയും ഇടർ ചികിത്സ ലഭിക്കുന്നവരുടേയും കണക്ക് ആരോഗ്യവകുപ്പിന് ലഭ്യമാണ്.

(ബി) പ്രമേഹരോഗം ആരംഭദിശയിൽത്തന്നെ കണ്ടെത്തുന്നതിനും രോഗ സാധ്യതയുള്ള ജനങ്ങളെ മുൻകൂട്ടി നിർണ്ണയിക്കുന്നതിനും 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും പ്രമേഹ രോഗനിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയായ "സംസ്ഥാന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി" (അമൃതം ആരോഗ്യം) 2011-12 മുതൽ നടപ്പിലാക്കി വരുന്നു. രോഗസാധ്യത കണ്ടെത്തുന്ന ജനങ്ങൾക്ക് വിദഗ്ധ സമിതി തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള ചികിത്സയും മരുന്നും ബോധവൽക്കരണവും സൗജന്യ മായി നൽകിവരുന്നു.

(സി) ഉണ്ട്. അമൃതം ആരോഗ്യം പദ്ധതിയുടെ ഭാഗമായി വിദഗ്ധ സമിതി തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരം ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായിട്ടാണ് നൽകിവരുന്നത്. ഇതിനുപുറമേ വാർഷിക ഇൻഡന്റ് പ്രകാരമുള്ള പ്രമേഹ മരുന്നുകളും സൗജന്യമായാണ് ആരോഗ്യവകുപ്പ് വിതരണം ചെയ്യുന്നത്.

(ഡി) ജീവിതശൈലീ രോഗങ്ങളിൽ പ്രധാനമായ പ്രമേഹം ഓരോ വ്യക്തി യുടെയും ഭക്ഷണവും വ്യായാമവും ശീലങ്ങളും ഉൾപ്പെടുന്ന ജീവിത സാഹചര്യ ങ്ങളുടെ അടിസ്ഥാനമായിട്ടാണ് ഉണ്ടാവുന്നത്. അതുകൊണ്ടുതന്നെ ആരോഗ്യ ബോധവത്ക്കരണം അത്യന്താപേക്ഷിതമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അമൃതം ആരോഗ്യം പദ്ധതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നത്. ശരിയായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളിൽനിന്നുള്ള മുക്തി എന്നീ വിഷയങ്ങളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർമുഖേന നടത്തിവരുന്നു. സ്കൂൾ കുട്ടികൾക്ക് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി LEAP (Life Style Education and Awarness Programme) എന്ന ആരോഗ്യ ബോധന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിലും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലും ഈ രോഗത്തെ കുറിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് (ഐ.ഐ.ഡി.) -ന്റെ നേതൃത്വത്തിൽ പ്രമേഹം മുൻകൂട്ടി കണ്ടെത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള പ്രചരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

മദ്യപാനംമൂലമുണ്ടാകുന്ന രോഗങ്ങൾ

24 (8084) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവരിൽ അഞ്ചിലൊന്നിന്റെ രോഗത്തിന് അടിസ്ഥാനകാരണം മദ്യപാനമാണന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഐ. എം. എ.-യുടെ ആഭിമുഖ്യത്തിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നതായി അറിവുണ്ടോ ;

(സി) മദ്യപാനം ഉണ്ടാക്കുന്ന രോഗങ്ങളെയും അവയുടെ ചികിത്സയേയും ചികിത്സക്കുവേണ്ടിവരുന്ന ചെലവിനേയും മരണനിരക്കിനെയും സംബന്ധിച്ച ഒരു സമഗ്രപഠനം താലൂക്കുതലംമുതലുള്ള ആശുപത്രികളിലെങ്കിലും നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് സർക്കാരിന് അറിവൊന്നുമില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.